**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4982** | **04-07-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ മലയോര ഹൈവെയുടെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിലെ മലയോര ഹൈവേ നിർമ്മാണ പ്രവൃത്തിയുടെ ഓരോ റീച്ചിന്റെയും നിർമ്മാണ പുരോഗതി അറിയിക്കാമോ? | (എ) | 1. <u>ചുങ്കക്കുറ്റി-പൂതംപാറ റോഡ്</u><br><br>ഈ പ്രവർത്തിക്ക് 38.473 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടി വന്നതിനാൽ സമയപരിധിയ്ക്കകം സാങ്കേതികാനുമതി നൽകുവാൻ സാധിച്ചില്ല. ഈ പ്രവൃത്തിയുടെ സാമ്പത്തികാനുമതി പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.<br><br>2. <u>പൂതംപാറ ബ്രിഡ്ജ്-മൂന്നാം കൈ തൊട്ടിൽപ്പാലം റോഡ്</u><br><br>ഈ പ്രവർത്തിക്ക് 45.34 കോടി രൂപയുടെ സാമ്പത്തികാനുതി കിഫ്ബി നൽകിയിട്ടുണ്ട്. ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രദേശവാസികൾ കോടതിയെ സമീപിച്ചതിനെ തുടർന്ന് തടസ്സപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തിയുടെ സാമ്പത്തികാനുമതി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3. <u>തൊട്ടിൽപ്പാലം-മുള്ളൻകുന്ന് റോഡ്</u><br><br>ഈ പ്രവർത്തിക്ക് കിഫ്ബി 29.77 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രദേശവാസികൾ കോടതിയെ സമീപിച്ചതിനാൽ തടസ്സപ്പെട്ടിട്ടുണ്ട്.<br><br>4. <u>മുള്ളൻകുന്ന്-പെരുവണ്ണാമൂഴി റോഡ്</u><br><br>ഈ പ്രവർത്തിയുടെ മുള്ളങ്കുന്ന് മുതൽ ചവറമൂഴി വരെയുള്ള 1 കി.മീ നാദാപുരം മണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. പ്രവർത്തിക്ക് കിഫ്ബി 38.399 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ സാമ്പത്തികാനുമതി നൽകി. പ്രസ്തുത റീച്ചിൽ ഇറിഗേഷൻ അക്വിഡക്ട് ക്രോസിംഗ് ഉള്ളതിനാലും ഇറിഗേഷൻ ലാൻഡ് ലഭ്യമല്ലാത്തതിനാലും സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. ഈ പ്രവർത്തിയുടെ സാമ്പത്തികാനുമതി റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ